# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4197** **28/06/2012 ൽ മറുപടിക്ക്**

## സ്കൂൾ അദ്ധ്യാപകരുടെ സാങ്കേതിക മികവ്

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ അദ്ധ്യാപകരുടെ സാങ്കേതിക മികവ് വിലയിരുത്തിയിരുന്നോ; എങ്കിൽ തൃപ്തികരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | എ) | സാങ്കേതിക മികവ് പൂർണ്ണമായും വിലയിരുത്തിയിട്ടില്ല |
| ബി) നിലവിലുള്ള അദ്ധ്യാപകരുടെ സാങ്കേതിക മികവ് ഉയർത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | നിലവിലുള്ള അദ്ധ്യാപകരുടെ സാങ്കേതിക മികവ് ഉയർത്തുന്നതിന് താഴെ പറയുംവിധം നിരന്തരമായ അദ്ധ്യാപക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.<br>1. അൻപതു ദിവസത്തെ സമഗ്ര അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടിയുടെ ആദ്യഘട്ട ദശദിന ശാക്തീകണ പരിപാടിയിൽ 3 ദിവസം വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പരിശീലനമാണ് നൽകുന്നത്. ഇതിലൂടെ എല്ലാ അദ്ധ്യാപകരും വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കാനും ഉപയോഗിക്കാനും പരിശീലിക്കും. അവയിലൂടെ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള കഴിവ് ആർജ്ജിക്കും<br>2. കമ്പ്യൂട്ടർ എയ്ഡഡ് ലേണിംഗിന്റെ (CAL) ഭാഗമായി 1400 അദ്ധ്യാപകർക്കും 100 മാസ്റ്റർ ട്രെയിനർമാർക്കും 6 ദിവസം നീളുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം ഐ.ടി. അറ്റ് സ്കൂളിന്റെ സഹകരണത്തോടെ നൽകും.<br>3. 2000 അദ്ധ്യാപകർക്ക് ദ്വിദിന കമ്പ്യൂട്ടർ റിഫ്രഷർ പരിശീലനവും നൽകും |

(.....2)

| | | | |
|---|---|---|---|
| സി) | എല്ലാ അദ്ധ്യാപകർക്കും നിർബ ന്ധിത കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിന് നടപടി കൾ സ്വീകരിക്കുമോ; | സി) | ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഐ.ടി അറ്റ് സ്കൂൾ പ്രോജക്ട് പ്രത്യേക ഐ.സി.ടി പരിശീലനം നൽകുന്നുണ്ട്. പ്രൈമറി വിഭാഗം അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപ കരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിന് 45 മണിക്കൂർ എങ്കിലും ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സ് പാസായിരിക്കണമെന്ന് നിഷ്കർഷിച്ച് സർക്കാർ ഉത്തരവ് (സ.ഉ. (എം.എസ്) നം. 89/2011/പൊ.വി.വ തീയതി 22/3/2011) പുറപ്പെടുവിച്ചി ട്ടുണ്ട്. |
| ഡി) | അദ്ധ്യാപകരുടെ തുടർ പഠനം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേ ശിച്ചുള്ള കൂടുതൽ നടപടികൾ സ്വീകരിക്കുമോ ? | ഡി) | RIESI- Bangalore, RIE- Mysore തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന അദ്ധ്യാപകർക്ക് ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ തുടർ പഠനം സാധ്യമാക്കുന്നതിനുള്ള ആലോച നകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ